# ഭാഷയും സാഹിത്യവും

- മൂന്നു കോടിയിലേറെ കേരളീയരുടെ മാതൃഭാഷയാണ് മലയാളം.
- കേരളത്തിന്റെ 96.5 ശതമാനം പേരും മാതൃഭാഷയായ മലയാളമാണ് സംസാരിക്കുന്നത്.
- കേരളത്തിലെ ഔദ്യോഗിക ഭാഷയും മലയാളമാണ്.
- ലക്ഷദ്വീപിലെ മുഖ്യഭാഷയും മലയാളമാണ്.
- മിനിക്കോയിലെ 'മഹൽ' മലയാളത്തിന്റെ ഉപഭാഷയാണെന്ന് കരുതുന്നു.
- മലയാളം എന്ന പദം ആദ്യകാലങ്ങളിൽ ദേശത്തിന്റെ പേരായിരുന്നു.
- മലയാളം ദേശനാമമായിരുന്നപ്പോൾ ഇവിടുത്തെ ഭാഷക്ക് മലയാഴ്മ, മലയാണ്മ, മലയാം തമിഴ്, മലയാം പാഠ, മലയാളം എന്നീ പേരുകൾ ഉണ്ടായിരുന്നു.
- 18-ാം നൂറ്റാണ്ടിനു ശേഷമാണ് മലയാളം ഭാഷാവാചിയായി തീർന്നത്.
- ദ്രാവിഡ ഗോത്രത്തിലെ ദക്ഷിണശാഖയിൽ ഉൾപ്പെട്ടതാണ് മലയാളം.
- മല + ആളം, മല + അളം എന്നിങ്ങനെ 2 തരത്തിൽ മലയാളത്തെ പിരിച്ചെഴുതാം.
- മലയോട് ചേർന്നു കിടക്കുന്ന സ്ഥലമെന്ന അർത്ഥത്തിലാണ് മലയാളമെന്ന പേര്.
- പദവിന്യാസ രീതി അനുസരിച്ച് മലയാളം സംശ്ലിഷ്ട കക്ഷ്യയിൽപ്പെടുന്നു.
- ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 22 ഭാഷകളിൽ മലയാളത്തിന് എട്ടാം സ്ഥാനം
- ദ്രാവിഡ ഗോത്രത്തിലെ സമ്പുഷ്ട ഭാഷകളിൽ മലയാളവും ഉണ്ട്.

### മലയാള ലിപി

- ഭാരതത്തിലെ ഏറ്റവും പ്രാചീന ലിപി ബ്രാഹ്മിയാണ്. ബ്രാഹ്മിയെ അശോക ലിപിയെന്നും പറയും. ബ്രാഹ്മിയുടെ ദേശഭേദങ്ങളാണ് ഖരോഷ്ഠി, ദ്രാവിഡി, ദേവനാഗരി
- തെക്കേ ഇന്ത്യയിൽ പ്രചരിച്ചിരുന്നത് ദ്രാവിഡിയാണ്. ദ്രാവിഡിയുടെ ദേശഭേദങ്ങളാണ് വട്ടെഴുത്ത് അഥവാ വെട്ടെഴുത്ത്.
- വട്ടെഴുത്തിനെ ചേര പാണ്ഡ്യ ലിപിയെന്നും നാനം മോനം എന്നും പറയും.
- വട്ടെഴുത്ത് അഭ്യസിച്ചിരുന്നത് 'ഓം നമോ നാരായണായ' എന്ന് ചൊല്ലിക്കൊണ്ടാണ്. അതിന്റെ ചുരുക്കെഴുത്താണ് നാനം മോനം.
- മലയാളത്തിന് സ്വന്തമായി ഉണ്ടായിരുന്നത് വട്ടെഴുത്താണ്. പിന്നീട് കോലെഴുത്ത് എന്ന് പേരുള്ള മറ്റൊരു ലിപി രീതിയും വടക്കൻ കേരളത്തിൽ ഉണ്ടായി.
- വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയും സമ്മിശ്ര രൂപമായി മലയാണ്മ എന്നൊരു ലിപിയും തെക്കൻ കേരളത്തിൽ ഉണ്ടായിരുന്നു.
- മലയാണ്മയ്ക്ക് രായസവടിവ് എന്നൊരു പേരുമുണ്ട്.
- ദ്രാവിഡ സംഘാക്ഷരങ്ങളെ കൂടാതെ സംസ്കൃതാക്ഷരങ്ങൾ കൂടി എഴുതാൻ മലയാളം പിന്നീട് ആര്യ എഴുത്ത് എന്ന് കൂടി പേരുള്ള ഗ്രന്ഥ ലിപി ഉപയോഗിച്ചു.
- മലയാളത്തിൽ ഇന്നുള്ളത് അക്ഷര ലിപിയാണ്.

# പ്രാചീന കവിത്രയവും ആധുനിക കവിത്രയവും

ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവികൾ മലയാള കവിതാ രംഗത്തെ യുഗസ്രഷ്ടാക്കളാണ്. ഇവരെ പ്രാചീന കവിത്രയ (ആദികവിത്രയ) മെന്നും ആധുനിക മഹാകവിത്രയമെന്നും വേർതിരിച്ച് വിശേഷിപ്പിക്കുന്നു. കവിതയിൽ രൂപഭാവങ്ങൾക്ക് മാറ്റങ്ങൾ വരുത്താനും പുതിയ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കാനും ഈ കവികൾക്ക് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. പ്രാചീന കവിത്രയ കവികൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരാണ്. ഗാഥാ പ്രസ്ഥാനം, കിളിപ്പാട്ട് പ്രസ്ഥാനം, തുള്ളൽ പ്രസ്ഥാനം എന്നിവയ്ക്ക് തുടക്കം കുറിച്ചത് ഈ കവികളാണ്. ആധുനിക മഹാകവിത്രയ കവികൾ ഒരേ കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. കവിതയിൽ പുതുമയുടെ പൊടിപ്പുകൾ സൃഷ്ടിക്കുവാൻ ഈ കവികൾക്കും കഴിഞ്ഞു.

## പ്രാചീന കവിത്രയം

ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ



### ചെറുശ്ശേരി (15-ാം നൂറ്റാണ്ട്)

- ജനനം-കോഴിക്കോട് ജില്ലയിലെ കുറുമ്പ്രനാട് വടകര.
- ചെറുശ്ശേരി രചിച്ച പ്രസിദ്ധ കാവ്യം കൃഷ്ണഗാഥ. കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മന്റെ നിർദ്ദേശപ്രകാരമാണ് കാവ്യം രചിച്ചത്.
- ദ്രാവിഡ വൃത്തത്തിലെഴുതിയ ഒന്നാമത്തെ മഹാകാവ്യം. ശുദ്ധമലയാളത്തിൽ ആദ്യം ഉണ്ടായ കാവ്യവും ഇതുതന്നെ.'കൃഷ്ണപ്പാട്ട്' എന്ന് മറ്റൊരു പേരും ഈ കാവ്യത്തിനുണ്ട്.
- കൃഷ്ണോൽപ്പത്തി മുതൽ സ്വർഗാരോഹണം വരെ 47 കഥകൾ; 8266 ഈരടികൾ. ഒരു ഭാഗമൊഴിച്ച് ബാക്കിയെല്ലാം ദ്രാവിഡവൃത്തമായ മഞ്ജരിയിൽ.
- ചെറുശ്ശേരി പ്രയോഗിച്ച മഞ്ജരി വൃത്തത്തിന് ഗാഥാവൃത്തം എന്ന് മറ്റൊരു പേര്.

### എഴുത്തച്ഛൻ (16-ാം നൂറ്റാണ്ട്)

- ജന്മസ്ഥലം - മലപ്പുറം ജില്ലയിലുള്ള തിരൂർ തൃക്കണ്ടിയൂർ ശിവക്ഷേത്ര സമീപം.
- മഹാസമാധി - പാലക്കാട് ചിറ്റൂർ മഠം
- പരക്കെ അംഗീകരിക്കപ്പെട്ട പേര് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ
- കവികുല ഗുരു, പുതുമലയാണ്മതൻ മഹേശൻ, ആദ്ധ്യാത്മിക ആചാര്യൻ, മലയാള ഭാഷയുടെ പിതാവ്, കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നിങ്ങനെ പലതരം വിശേഷണങ്ങൾ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്.
- കേക, കാകളി, അന്നനട എന്നീ വൃത്തങ്ങളെ കിളിപ്പാട്ടിൽ പ്രയോഗിച്ചിട്ടുള്ളതുകൊണ്ട് ഇവയെ കിളിപ്പാട്ട് വൃത്തങ്ങൾ എന്നും പറയുന്നു.
- സംസ്കൃതത്തിലെ അദ്ധ്യാത്മ രാമായണത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.
- വ്യാസ മഹാഭാരതത്തിന്റെ സംക്ഷിപ്ത വിവർത്തനമാണ് മഹാഭാരതം കിളിപ്പാട്ട്

- ഉത്തര രാമായണം, ഹരിനാമകീർത്ത നം, ചിന്താരത്നം തുടങ്ങിയവ മറ്റ് കൃതികൾ.
- 1964-ൽ തിരൂരിൽ തുഞ്ചൻസ്മാരകം പൂർത്തിയായി.
- ഡിസംബർ 31 തുഞ്ചൻദിനമായി ആഘോഷിക്കുന്നു.
- കേരള സർക്കാരിന്റെ അത്യുന്നത സാഹിത്യസമ്മാനമായ എഴുത്തച്ഛൻ പുരസ്കാരം 1993-ൽ ആരംഭിച്ചു.
- ആദ്യസമ്മാനം ശൂരനാട്ട് കുഞ്ഞൻപി ള്ളയ്ക്ക് ലഭിച്ചു.

## കുഞ്ചൻ നമ്പ്യാർ (17-ാം നൂറ്റാണ്ട്)

- ജനനം - പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശി മംഗലം കല ക്കത്ത് മഠം
- തുള്ളൽ പ്രസ്ഥാനത്തിന്റെ വ്യവസ്ഥാ പകൻ.
- രാമൻ, രാമപാണിവാദൻ, കൃഷ്ണൻ എന്നിങ്ങനെ പല പേരുകളും പരിഗണി ക്കുന്നു.
- കേരളീയ ജനസാമാന്യത്തിന്റെ കവി, ഫലിത സമ്രാട്ട്, സാമൂഹിക വിമർശ കൻ.
- തിരുവിതാംകൂർ മാർത്താണ്ഡവർമ്മ യുടെയും കാർത്തിക തിരുനാളി ന്റെയും ആശ്രിതനായി കഴിഞ്ഞിട്ടുണ്ട്. കുഞ്ചൻ എന്നത് വാത്സല്യപ്പേരാണെന്നും അഭിപ്രായം.
- ആദ്യ തുള്ളൽകൃതി കല്യാണസൗഗ ന്ധികം ശീതങ്കൻ തുള്ളൽ
- ശീതങ്കൻ, ഓട്ടൻ, പറയൻ എന്നി ങ്ങനെ തുള്ളലിന് മൂന്ന് വിഭാഗം.
- നമ്പ്യാർ രചിച്ച മഹാകാവ്യം ശ്രീകൃ ഷ്ണചരിതം മണിപ്രവാളം.
- ആകെ നാൽപ്പത്തഞ്ചോളം തുള്ളൽകൃതികൾ നമ്പ്യാർ രചി ച്ചിട്ടുണ്ട്.





## ആധുനിക മഹാകവിത്രയം

ആശാൻ, ഉള്ളൂർ, വള്ളത്തോൾ

### എൻ. കുമാരനാശാൻ (1873 - 1924)

- ജന്മസ്ഥലം - ചിറയിൻകീഴ് കായിക്കര തൊമ്മൻവിളാകം.
- സ്നേഹഗായകൻ, ആശയഗംഭീരൻ, സാമൂഹ്യപരിഷ്കർത്താവ് എന്നീ നിലകളിലും പ്രശസ്തൻ. മലയാള കവിതയുടെ കാൽപ്പനിക വസന്തത്തിന് തുടക്കം കുറിച്ച കവി.
- അധ്യാപകനായിരുന്നതുകൊണ്ട് 'ആശാൻ' എന്ന പദവി.
- 1891-ൽ ശ്രീനാരായണ ഗുരുവുമായി പരിചയപ്പെട്ടു.
- ആദ്യ ഖണ്ഡകാവ്യം 'വീണപൂവ്' 1907-ൽ മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചു.
- 1922-ൽ വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും നേടി.
- 1903-ൽ എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യ സെക്രട്ടറി.
- 1918-ൽ കെ. ഭാനുമതിയമ്മയെ വിവാഹം കഴിച്ച് തോന്നയ്ക്കലിൽ താമസം.
- 1924-ൽ ജനു. 16-ന് പല്ലനയാറ്റിൽ 'റെഡിമർ' ബോട്ടപകടത്തിൽ മരിച്ചു.
- കുമാരകോടി സ്മാരകം പല്ലനയിൽ സ്ഥിതി ചെയ്യുന്നു.
- 'ചിന്താവിഷ്ടയായ സീത' നാടകീയ സ്വാഗതാഖ്യാന രീതിയിൽ രചിച്ച കാവ്യമാണ്.
- എഡ്വിൻ അർണോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന കൃതിയുടെ സ്വതന്ത്ര വിവർത്തനമാണ് 'ശ്രീബുദ്ധചരിതം'
- ഏറ്റവുമധികം വിവാദങ്ങൾ സൃഷ്ടിച്ച ഖണ്ഡകാവ്യം 'ദുരവസ്ഥ' ആണ്.
- എ.ആറിന്റെ മരണത്തെ ആസ്പദമാക്കി രചിച്ച കാവ്യം 'പ്രരോദനം'.
- ആശാൻ അവസാനമെഴുതിയ ഖണ്ഡകാവ്യം 'കരുണ'.
- 'ചണ്ഡാലഭിക്ഷുകി' യിലും 'കരുണ'യിലും ബുദ്ധമത സ്വാധീനം കാണാം.
- ലീല, നളിനി, ബാലരാമായണം, ഗ്രാമവൃക്ഷത്തിലെ കുയിൽ, പുഷ്പവാടി, വന മാല, മണിമാല എന്നിവ മറ്റു കൃതികളാണ്.

### ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1948)

- ജന്മസ്ഥലം - ചങ്ങനാശ്ശേരി. തറവാട് തിരുവനന്തപുരത്ത് ഉള്ളൂരിലാണ്.
- പണ്ഡിത കവി, ഉല്ലേഖ ഗായകൻ, ഉജ്ജ്വല ശബ്ദാഢ്യൻ എന്നിവ വിശേഷണങ്ങൾ
- അധ്യാപകൻ, തഹസിൽദാർ, മുൻസിഫ്, ഇൻകംടാക്സ് കമ്മീഷണർ എന്നീ നിലക ളിൽ പ്രവർത്തിച്ചിട്ടുണ്ട്. മാത്രമല്ല തിരുവിതാംകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറി യുടെ ചുമതല താൽക്കലികമായി വഹിച്ചിട്ടുമുണ്ട്.
- നിയമത്തിൽ ബിരുദവും മലയാളത്തിലും തമിഴിലും ബിരുദാനന്തര ബിരുദവും. മല യാളം ഐച്ഛിക വിഷയമായി എടുത്ത് ആദ്യം എം.എ പാസായ ആൾ ഉള്ളൂരാണ്.
- ഏഴ് വാല്യങ്ങളെ അഞ്ച് പുസ്തകങ്ങളായി പ്രസിദ്ധീകരിച്ച 'കേരള സാഹിത്യച രിത്ര' മാണ് ഏറ്റവും വലിയ സാഹിത്യ സംഭാവന.
- മലയാളത്തിലെ ആദ്യ ചരിത്രമഹാകാവ്യം 'ഉമാകേരളം' ആണ്. ഉമാകേരളം ആദ്യ മായി പ്രസിദ്ധീകരിച്ചത് 1913-ലാണ്.
- കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മയൂരസന്ദേശ'ത്തിന് Peacock Messen- ger എന്ന ഇംഗ്ലീഷ് തർജ്ജമ ഉള്ളൂരിന്റേതാണ്.
- ഒരു വേശ്യാസ്ത്രീയുടെ കഥ പറയുന്ന കാവ്യമാണ് 'പിംഗള'.
- ഉള്ളൂരിന്റെ പച്ചമലയാള കൃതി 'ഒരു നേർച്ച'.
- വിജ്ഞാനദീപിക, സ്മരണമാധുരി എന്നിവ ഗദ്യകൃതികളാണ്.
- ഉള്ളൂർ രചിച്ച ചമ്പുകാവ്യം 'സുജതോദ്വാഹം'.
- കർണഭൂഷണം, ഭക്തിദീപിക, ചിത്രശാല എന്നിവ പ്രസിദ്ധ ഖണ്ഡകാവ്യങ്ങൾ.
- ഒരു തുമ്പപ്പൂവ്, പ്രേമസംഗീതം, ഒരു മഴത്തുള്ളി പ്രശസ്ത കവിതകൾ.

### വള്ളത്തോൾ നാരായണ മേനോൻ (1878 - 1958)

- ജന്മസ്ഥലം - മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ വെട്ടത്തുനാട് മംഗലം ഗ്രാമം.
- കേരള വാല്മീകി, മലയാളി ടാഗോർ, കേരള കലാമണ്ഡല സ്ഥാപകൻ, ഇന്ത്യൻ ദേശീയതയുടെ കവി, ശബ്ദസുന്ദരൻ എന്നിങ്ങനെ അനേകം വിശേഷണങ്ങൾ.
- ഇന്ത്യക്ക് പുറത്തു സഞ്ചരിക്കാൻ അവസരം ലഭിച്ച ആദ്യത്തെ മലയാള കവി.
- കവിത്രയത്തിൽ പത്മഭൂഷൺ ബഹുമതി ലഭിച്ചത് വള്ളത്തോളിനാണ്.
- നിളയുടെ തീരത്ത് ചെറുതുരുത്തിയിൽ മുകുന്ദരാജയുമായി ചേർന്ന് 'കേരള കലാമ ണ്ഡലം' സ്ഥാപിച്ചു.
- വള്ളത്തോൾ രചിച്ച മഹാകാവ്യം 'ചിത്രയോഗം'
- സ്വന്തം ബാധിര്യത്തിന്റെ ഹൃദയവ്യഥ അവതരിപ്പിച്ചിരിക്കുന്ന കാവ്യം 'ബധിരവിലാപം'
- ബൈബിൾ കഥയെ ആസ്പദമാക്കി രചിച്ച കാവ്യം 'മഗ്ദലന മറിയം'
- ബന്ധനസ്ഥനായ അനിരുദ്ധൻ, ഗണപതി, സാഹിത്യമഞ്ജരി (11 ഭാഗങ്ങൾ), ദിവാസ്വ പ്നം, വിഷുക്കണി, വിലാസലതിക എന്നീ കൃതികളും വാല്മീകി രാമായണം, അഭി ജ്ഞാന ശാകുന്തളം, സ്വപ്ന വാസവദത്തം തുടങ്ങിയ തർജ്ജമകളും വള്ളത്തോ ളിന്റെ പ്രധാന രചനകളാണ്.

# പ്രാചീന സാഹിത്യം

**പാട്ട് – മണിപ്രവാളം, ചരിതങ്ങൾ, കാവ്യങ്ങൾ, ചമ്പുക്കൾ, സന്ദേശ കാവ്യങ്ങൾ**

## രാമചരിതം

- പാട്ടുപ്രസ്ഥാനത്തിലെ ആദ്യ കൃതി. മലയാളത്തിലെ ആദ്യകാവ്യമെന്ന സ്ഥാനവുമുണ്ട്. ചീരാമനാണ് രാമചരിതത്തിന്റെ കർത്താവെന്ന് കരുതുന്നു. കവിയുടെ ജീവിതകാലം എ.ഡി. 11-നും 12-നും ഇടയ്ക്കാണ്. രാമയാണത്തിലെ യുദ്ധകാണ്ഡമാണ് ഇതിലെ പ്രതിപാദ്യം. ആകെ 164 പടലവും 1814 പാട്ടുകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. കവിയെ മലയാളത്തിന്റെ 'ചോസർ' എന്ന് ഉള്ളൂർ വിശേഷിപ്പിച്ചിട്ടുണ്ട്.
- **തിരുനിഴൽ മാല –** പാട്ടുപ്രസ്ഥാനത്തിൽ രാമചരിതം പോലെ ലക്ഷണമൊത്ത ഒരു കാവ്യം. കാസർകോടിൽ വെള്ളൂരിൽ നിന്നാണ് ഇത് ലഭിച്ചത്. ഡോ. എം.എം. പുരുഷോത്തമനാണ് ഈ കാവ്യം പുറത്തുകൊണ്ടുവന്നത്. ഗോവിന്ദൻ എന്ന കവിയാണ് തിരുനിഴൽമാല രചിച്ചത്. ആറന്മുള ക്ഷേത്രത്തെക്കുറിച്ചാണ് പ്രധാന വിഷയം.

## രാമകഥപ്പാട്ടും ഭാരതംപാട്ടും

- കോവളം കവികളിൽ ഒരാളായ അയ്യിപ്പിള്ള ആശാന്റേതാണ് രാമകഥപ്പാട്ട്
- ആദ്യത്തെ പൂർണമായ രാമായണകൃതി എന്ന സ്ഥാനമുണ്ട്.
- 'ഭാഷാ പരിമളം' എന്ന പേരിൽ ഈ കൃതിക്ക് വ്യാഖ്യാനം രചിച്ചത് ഡോ. പി.കെ. നാരായണപിള്ളയാണ്.
- ചന്ദ്രവളയം എന്ന ഒറ്റവാദ്യം ഉപയോഗിച്ചാണ് കാവ്യം ആലപിക്കുന്നത്.
- അയ്യിപ്പിള്ളയുടെ സഹോദരനായ അയ്യനപ്പിള്ള രചിച്ചതാണ് ഭാരതംപാട്ട്

## കണ്ണശ്ശ രാമായണം

- നിരണം കവികളിലൊരാളായ രാമപ്പണിക്കർ എഴുതിയ കാവ്യം.
- മലയാളത്തിലെ ആദ്യത്തെ സമ്പൂർണ രാമായണം ഇതാണെന്ന് പറയുന്നു.
- കാച്ചിക്കുറുക്കിയ രാമായണ കാവ്യമെന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ.
- രാമപ്പണിക്കർ മലയാളത്തിലെ 'സ്പെൻസർ' എന്ന് ഉള്ളൂർ
- കണ്ണശ്ശ ഭാരതം, കണ്ണശ്ശ ഭാഗവതം, ശിവരാത്രി മാഹാത്മ്യം എന്നീ കൃതികളും രാമപ്പണിക്കരുടെ വകയായിട്ടുണ്ട്.

## ഭാരതമാല

- നിരണം കവികളിൽ മറ്റൊരാളായ ശങ്കരപ്പണിക്കരുടെ കൃതി.
- മഹാഭാരതത്തെ ഉപജീവിച്ചുണ്ടായ ഭാഷയിലെ ആദ്യ കൃതി

## ഭാഷാ ഭഗവദ് ഗീത

- നിരണം കവികളിൽപ്പെട്ട മാധവപ്പണിക്കരുടെ കൃതി.
- മാധവപ്പണിക്കർ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴുകാരനാണ്.
- 600 വർഷം മുമ്പ്, മലയാളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ ഭഗവദ് ഗീതക്കുണ്ടായ ആദ്യവിവർത്തനം ഇതാണ്.
- 700 ശ്ലോകങ്ങളുള്ള ഭഗവത് ഗീതയെ 328 ശീലുകളിലായിട്ടാണ് തർജ്ജമ ചെയ്തത്.

## ലീലാതിലകം

- ഭാഷാവ്യാകരണത്തെക്കുറിച്ചും കാവ്യശാസ്ത്രത്തെക്കുറിച്ചും മലയാളത്തിലുണ്ടായ ആദ്യലക്ഷണ ഗ്രന്ഥം. മണിപ്രവാളം പുഷ്ടി പ്രാപിച്ച കാലത്താണ് ഇതിന്റെ രചന.
- ക്രിസ്തുവർഷം 14-ാം നൂറ്റാണ്ടിലുണ്ടായതാണെന്ന് കരുതുന്നു.
- ലീലാതിലകം സംസ്കൃതത്തിലാണ് രചിച്ചിരിക്കുന്നത്. എട്ട് ശില്പങ്ങളായിട്ടാണ് വിഭജിച്ചിരിക്കുന്നത്.
- ലീലാതിലകത്തിന്റെ ആദ്യ ശില്പം മാത്രം മലയാളത്തിൽ ആദ്യം തർമ ചെയ്തത് അപ്പൻ തമ്പുരാനാണ്. ആദ്യത്തെ സമ്പൂർണ്ണ തർജമ ആറ്റൂർ രവിവർമ്മയാണ് ചെയ്തത്.

## വൈശിക തന്ത്രം

- പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി. രചനാകാലം എ.ഡി. 11-ാം ശതകം
- അനംഗസേനയാണ് ഇതിലെ നായിക. ഈ കൃതി ആദ്യം വെളിച്ചത്തിലെത്തിച്ചത് ആറ്റൂരാണ്.

## ഉണ്ണിയച്ചീചരിതം

- ആദ്യത്തെ ഭാഷാ ചമ്പുകൃതി
- 13-ാം ശതകമാണ് രചനാകാലം.
- രചയിതാവ് തേവൻചിരികുമാരനാണ്.

## ഉണ്ണുനീലിസന്ദേശം

- മലയാള ഭാഷയിലുണ്ടായ ആദ്യ സന്ദേശകാവ്യം
- മുണ്ടയ്ക്കൽ സന്ദേശമെന്ന് മറ്റൊരു പേരുമുണ്ട്.
- 14-ാം ശതകമാണ് രചനാകാലം.
- ആദ്യം പ്രസിദ്ധീകരിച്ചത് രസികരഞ്ജിനിയിൽ
- ആദിത്യവർമ്മയാണ് സന്ദേശവാഹകൻ
- തിരുവനന്തപുരം മുതൽ വൈക്കം താലൂക്കിൽ കടുത്തുരുത്തി വരെയുള്ള യാത്രാ വിവരണം ഇതിലുണ്ട്.

## ചന്ദ്രോത്സവം

- പ്രാചീന മണിപ്രവാളത്തിലെ അവസാനത്തെ കൃതി
- 15-ാം നൂറ്റാണ്ടാണ് ഇതിന്റെ രചനാകാലം.
- ചന്ദ്രികാ മഹോത്സവമെന്നും മേദിനി വെണ്ണിലാവെന്നും പേരുകളുണ്ട്.
- ചന്ദ്രോത്സവകാരനെ പത്തൽ കൊണ്ട് സമ്മാനിക്കണമെന്ന് പറഞ്ഞത് ആർ.നാരായണപണിക്കർ
- ചന്ദ്രോത്സവം ഒരു പരാജയ കവനമാണെന്ന് ഇളംകുളം കുഞ്ഞൻപിള്ള

## രാമായണം ചമ്പു

- മലയാളത്തിലെ ഏറ്റവും വലിയ ചമ്പുകൃതി
- പുനം നമ്പൂതിരിയാണ് ഇതിന്റെ കർത്താവ്
- രാവണോത്ഭവം മുതൽ ശ്രീരാമാദികളുടെ സ്വർഗാരോഹണം വരെയുള്ള കഥയാണ്.

## രാമപുരത്ത് വാര്യർ (17, 18 നൂറ്റാണ്ടിനിടക്ക്)

- ജന്മസ്ഥലം - കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലുള്ള രാമപുരം
- കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ കർത്താവ്
- 'ശങ്കരൻ' എന്നാണ് യഥാർത്ഥ പേരെന്നും പറയുന്നു.
- കുചേലവൃത്തം ആദ്യത്തെ ഖണ്ഡകാവ്യമാണെന്നും ആദ്യത്തെ ആത്മനിഷ്ഠ കാവ്യമാണെന്നും അഭിപ്രായങ്ങൾ.
- 'കുചേലവൃത്തം' നതോന്നത എന്ന വഞ്ചിപ്പാട്ട് വൃത്തത്തിലാണ് രചന.
- ജയദേവരുടെ 'ഗീതഗോവിന്ദ'ത്തിന് 'ഭാഷാഷ്ടപദി' എന്നൊരു പരിഭാഷയും വാര്യർ രചിച്ചു.

## പൂന്താനം നമ്പൂതിരി (15-നും, 16-നും നൂറ്റാണ്ടിനിടക്ക്)

- ജന്മസ്ഥലം - മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ.
- 'ബ്രഹ്മദത്തൻ' എന്നതാണ് യഥാർഥ പേര്.
- കീർത്തന സാഹിത്യത്തിന് പ്രചാരമുണ്ടാക്കിയ കവി.
- സംസ്കൃത പണ്ഡിതനായ മേല്പ്പത്തൂരിന്റെ സമകാലികൻ.
- 'അഞ്ജന ശ്രീധര ചാരുമൂർത്തേ' എന്ന പ്രാർഥനാഗീതം പ്രസിദ്ധം
- 'അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ' എന്നുതുടങ്ങുന്ന ഗീതം പൂന്താനത്തിന്റേതാണ്.
- 'നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ' - എന്ന പഞ്ചാക്ഷര കീർത്തനവും പ്രശസ്തം.
- ഭാഷാകർണ്ണാമൃതം (ശ്രീകൃഷ്ണ കർണ്ണാമൃതം), സന്താനഗോപാലം, ജ്ഞാനപ്പാന തുടങ്ങിയവ മറ്റ് പ്രസിദ്ധ കൃതികൾ.

## ഉണ്ണായി വാര്യർ (18-ാം നൂറ്റാണ്ട്)

- ജന്മസ്ഥലം - തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട കൂടൽ മാണിക്യക്ഷേത്ര സമീപം.
- നളചരിതം ആട്ടക്കഥയുടെ രചയിതാവ്
- 'രാമൻ' എന്നത് യഥാർഥ പേരെന്ന് അഭിപ്രായം.
- ഉണ്ണിരാമനാണ് ഉണ്ണായി വാര്യരായി മാറിയത്.
- മാർത്താണ്ഡവർമ്മയുടെയും കാർത്തിക തിരുനാളിന്റെയും കാലത്ത് കുഞ്ചൻ നമ്പ്യാർക്കൊപ്പം തിരുവിതാംകൂറിൽ കഴിഞ്ഞിരുന്നതായി പറയുന്നു.
- നളചരിതത്തെ കേരള ശാകുന്തളമെന്ന് മുണ്ടശ്ശേരി വിശേഷിപ്പിച്ചു.

### മലയാള ഭാഷയുടെ ഉൽപ്പത്തി

1. സംസ്കൃത ജന്യവാദം (മലയാളം സംസ്കൃതത്തിൽ നിന്നും ഉണ്ടായത്)
   **കോവുണ്ണി നെടുങ്ങാടി, വടക്കുംകൂർ രാജ രാജ വർമ്മ**
2. സ്വതന്ത്ര ജന്മവാദം (ദ്രാവിഡത്തിൽ നിന്നും സ്വതന്ത്രമായി പിരിഞ്ഞുവന്നു)
   **ഡോ. ഗോദവർമ്മ, ആറ്റൂർ, ഡോ. കെ.എം. ജോർജ്**
3. ഉപശാഖാ വാദം (കൊടുന്തമിഴിന്റെ പരിണാമം)
   **ഡോ. കാൾഡ്വൽ, എ. ആർ. രാജ രാജ വർമ്മ, ഗുണ്ടർട്ട്**
4. മിശ്ര ഭാഷാവാദം (സംസ്കൃതം, തമിഴ് എന്നിവയുടെ മിശ്രണം)
   **ഇളംകുളം കുഞ്ഞൻപിള്ള**
5. ഭാഷാ സംക്രമണ വാദം (ശാസന ഭാഷയിൽ വ്യവഹാര ഭാഷാ രൂപങ്ങൾ കാലാകാലങ്ങളിൽ കടന്നു കൂടുന്ന പ്രക്രിയ) - **സി എൽ. ആന്റണി.**
6. പൂർവ തമിഴ് - മലയാള വാദം (ഭാഷയുടെ പൂർവ ചരിത്രം ഒറ്റപ്പെട്ട ഒരന്വേഷണമാകാതെ എല്ലാ ഭാഷകളുടെയും പൂർവചരിത്രം സമഗ്രാന്വേഷണം നടത്തി ഒരു താരതമ്യ ഗവേഷണം അനിവാര്യമാണെന്നുള്ള അഭിപ്രായം)
   **എസ്.വി. ഷൺമുഖം, കെ.എം. പ്രഭാകര വാര്യർ**

## ഇരയിമ്മൻ തമ്പി (1783-1856)

- ജന്മസ്ഥലം - തിരുവനന്തപുരം
- രവിവർമ്മനെന്ന സംസ്കൃത നാമത്തിന്റെ മലയാള വാമൊഴിയാണ് ഇരയിമ്മൻ.
- സ്വാതിതിരുനാളിന്റെ പ്രീതിഭാജനമായിരുന്നു.
- തിരുവിതാംകൂറിലെ ആസ്ഥാന കവിയായി പ്രഖ്യാപിച്ചത് റാണി പാർവതി ഭായി.
- ഉത്തരാസ്വയംവരം, ദക്ഷയാഗം, കീചകവധം എന്നിവ പ്രസിദ്ധ ആട്ടക്കഥകൾ.
- ഓമനത്തിങ്കൾക്കിടാവോ എന്ന താരാട്ട് തമ്പിയുടേതാണ്.
- 'കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ....", 'പ്രാണനാഥനെനിക്ക് നൽകിയ പരമാനന്ദരസത്തെ' എന്നീ വരികൾ തമ്പിയുടേതാണ്.
- വീരവിരാട കുമാര വിഭോ - എന്ന കുമ്മി, തമ്പിയുടെ ഉത്തരാ സ്വയംവരത്തിലേതാണ്.
- പ്രശസ്ത കവയിത്രി കുട്ടിക്കുഞ്ഞു തങ്കച്ചി, തമ്പിയുടെ മകളാണ്.

# ആധുനിക സാഹിത്യം

## കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1864-1913)

- ജന്മസ്ഥലം - തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ.
- 'കേരള വ്യാസൻ' എന്ന അപരനാമധേയവും ഉണ്ട്.
- വെണ്മണി പ്രസ്ഥാനം, പച്ചമലയാള പ്രസ്ഥാനം എന്നിവയുടെ ഉപജ്ഞാതാവ്.
- സരസ ദ്രുതകവി കിരീടമണി എന്ന വിശേഷണമുണ്ട്.
- മഹാഭാരതം (തർജമ), കവിഭാരതം, കേരളം (മഹാകാവ്യം), മദിരാശി യാത്ര (പദ്യത്തിലുള്ള യാത്രാവിവരണം), പാലുള്ളി ചരിതം, തുപ്പൽ കോളാമ്പി എന്നിവ കൃതികൾ.

## കേരളവർമ്മ വലിയ കോയിത്തമ്പുരാൻ (1854-1914)

- ജനനം - ചങ്ങനാശേരിയിലെ ലക്ഷ്മിപുരം കൊട്ടാരം. രാമവർമ്മ എന്നാണ് പേര്. മയൂരസന്ദേശ രചനയോടെ കേരള കാളിദാസൻ എന്ന അപര നാമധേയം.
- ആധുനിക മലയാള ഗദ്യത്തിന്റെ പിതാവ് എന്ന സ്ഥാനവുമുണ്ട്.
- കേരളവർമ്മയുടെ ഭാര്യ റാണി ലക്ഷ്മിഭായിയാണ്. വൈയാകരണനായ എ.ആർ. രാജരാജവർമ്മ കേരളവർമ്മയുടെ ഭാഗിനേയനാണ്.
- പ്രാസവഴക്കിൽ ശബ്ദപക്ഷത്തിന്റെ നായകൻ.
- 1868-ൽ ആരംഭിച്ച പാഠപുസ്തക കമ്മിറ്റി അധ്യക്ഷൻ കേരളവർമ്മയായിരുന്നു.
- അക്ബർ (നോവൽ, തർജ്ജമ), വിശാഖവിജയം (മഹാകാവ്യം), ദൈവയോഗം (കാവ്യം), കേരളീയഭാഷാ ശാകുന്തളം (മണിപ്രവാള ശാകുന്തളം), വിജ്ഞാന മഞ്ജരി, മഹച്ചരിതസംഗ്രഹം ഇവ പ്രധാന കൃതികൾ.

## എ.ആർ. രാജരാജവർമ്മ (1863-1918)

- ജന്മസ്ഥലം - ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്ട് കൊട്ടാരം. ദീർഘകാലം അധ്യാപകനായിരുന്നു. ആദ്യത്തെ മലയാളം പ്രൊഫസറാണ് രാജരാജ വർമ്മ.
- കേരള പാണിനി എന്ന അപരനാമധേയം നേടി.
- പ്രാസവാദത്തിൽ അർത്ഥപക്ഷത്തിന്റെ നേതാവ് എ.ആർ. ആയിരുന്നു.
- നളചരിതത്തിന് 'കാന്താര താരകം', മയൂരസന്ദേശത്തിന് 'മർമ്മപ്രകാശം' എന്നീ വ്യാഖ്യാനങ്ങൾ പ്രസിദ്ധമാണ്.
- കുമാരനാശാന്റെ 'നളിനി' എന്ന കാവ്യത്തിനും വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശത്തിനും അവതാരികകൾ എഴുതിയതും ഏ.ആർ ആണ്.
- ആംഗല സാമ്രാജ്യം (സംസ്കൃത മഹാകാവ്യം), മലയവിലാസം (ആദ്യ റൊമാന്റിക് കാവ്യം), മലയാള ശാകുന്തളം, ഭാഷാ കുമാരസംഭവം എന്നിവ പ്രധാന കൃതികൾ.
- മണിദീപിക, ഭാഷാഭൂഷണം, ശബ്ദശോധിനി, സാഹിത്യസാഹ്യം, മധ്യമവ്യാകരണം, പ്രഥമ വ്യാകരണം, വൃത്തമഞ്ജരി എന്നിവ പ്രമുഖ ഭാഷാശാസ്ത്ര കൃതികളാണ്.

## ജി. ശങ്കരക്കുറുപ്പ് (1901– 1978)

- ജന്മസ്ഥലം - എറണാകുളം, കാലടി.
- ഭാവഗീതങ്ങളും ആഖ്യാനകവിതകളും അർച്ചനാഗീതങ്ങളും മിസ്റ്റിക് കവിതകളും സിമ്പോളിക് കവിതകളും സംഭാവന ചെയ്തു.
- 1965-ൽ ഭാരതത്തിലെ ഒന്നാമത്തെ ജ്ഞാനപീഠ പുരസ്കാരം 'ഓടക്കുഴലിന്' ലഭിച്ചു.
- 1968-ൽ പത്മഭൂഷൺ പുരസ്കാരം
- 1968 മുതൽ 1972 വരെ രാജ്യസഭാ അംഗമായിരുന്നു.
- വിലാസലഹരി (റുബായിയത്ത് വിവർത്തനം), മേഘച്ഛായ (മേഘസന്ദേശ വിവർത്തനം), സാഹിത്യകൗതുകം (4 ഭാഗങ്ങൾ), സൂര്യകാന്തി, മൂന്നരുവികളും ഒരു പുഴയും (ഖണ്ഡകാവ്യം), വെളിച്ചത്തിന്റെ സാക്ഷി, വെളിച്ചത്തിന്റെ ദൂതൻ, നിഴലുകൾ നീളുന്നു (ആത്മകഥാപരം), വിശ്വദർശനം, പാഥേയം, നിമിഷം, പഥികന്റെ പാട്ട്, മധുരം സൗമ്യം ദീപ്തം, കുട്ടികൾക്കുവേണ്ടി ഇളംചുണ്ടുകൾ, കാറ്റേ വാ കടലേവാ എന്നീ കൃതികളും രചിച്ചിട്ടുണ്ട്.

## ചങ്ങമ്പുഴ കൃഷ്ണപിള്ള (1911–1948)

- ജന്മസ്ഥലം - എറണാകുളം, ഇടപ്പള്ളി.
- രമണൻ (1937, ആരണ്യക വിലാപകാവ്യം), തുടിക്കുന്ന താളുകൾ (ആത്മകഥ), ദേവഗീത (ഗീതഗോവിന്ദ വിവർത്തനം), മദിരോത്സവം (റുബായിയത്ത് വിവർത്തനം), തകർന്ന മുരളി (ഇടപ്പള്ളിയെക്കുറിച്ച് വിലാപ കവിത), യവനിക, വത്സല, പാടുന്ന പിശാച്, കാവ്യനർത്തകി, സ്പന്ദിക്കുന്ന അസ്ഥിമാടം, മനസ്വിനി, സ്വരരാഗസുധ, ദേവത, രക്തപുഷ്പങ്ങൾ, നീറുന്ന തീച്ചൂള.

## വൈലോപ്പിള്ളി ശ്രീധരമേനോൻ (1911–1985)

- 'ശ്രീ' എന്ന തൂലികാ നാമധേയത്തിലും അറിയപ്പെടുന്നു.
- കവിതകൾക്ക് 'കാച്ചിക്കുറുക്കിയ കവിത' എന്ന വിശേഷണം
- മുകുളമാല ആദ്യകൃതിയാണെങ്കിലും പ്രസിദ്ധീകരിച്ചത് പിന്നീട്.
- 'കന്നിക്കൊയ്ത്ത്' ആണ് ആദ്യം പ്രസിദ്ധീകരിച്ച കൃതി.
- 'കൃഷ്ണമൃഗങ്ങൾ' മരണാനന്തരമാണ് പ്രസിദ്ധീകരിച്ചത്.
- 'വിട' എന്ന കൃതിക്ക് 1971-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.
- 'മകരക്കൊയ്ത്തി'ന് 1981-ലെ വയലാർ അവാർഡ് ലഭിച്ചു.
- ശ്രീരേഖ, ഓണപ്പാട്ടുകാർ, കുടിയൊഴിക്കൽ, വിത്തും കൈക്കോട്ടും, കയ്പവല്ലരി, കടൽകാക്കകൾ എന്നിവ മറ്റു കൃതികൾ.
- മാമ്പഴം, കണ്ണീർപ്പാടം, പന്തങ്ങൾ, ഉജ്ജ്വല മുഹൂർത്തം, ജലസേചനം, ഋഷിശൃംഗൻ എന്നിവ പ്രസിദ്ധ കവിതകൾ.

## ഇടശ്ശേരി ഗോവിന്ദൻ നായർ (1906–1974)

- കേരളത്തിലെ കാർഷിക ഭാവത്തിന്റെ കവി.
- ശക്തിയുടെ കവിത, പരുഷഭാവത്തിന്റെ കവിത എന്നിങ്ങനെ വിശേഷണങ്ങൾ.
- പുത്തൻകലവും അരിവാളും, കാവിലെ പാട്ട് (1969-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), കറുത്ത ചെട്ടിച്ചികൾ, ഒരുപിടി നെല്ലിക്ക (1971 കേരള സാഹിത്യ അക്കാദമി അവാർഡ്), അന്തിത്തിരി, അമ്പാടിയിലേക്ക് വീണ്ടും, തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, പൂതപ്പാട്ട് എന്നീ കാവ്യങ്ങളും കൂട്ടുകൃഷി, കളിയും ചിരിയും എന്നീ നാടകങ്ങളും ഇടശ്ശേരിയുടെ വകയായിട്ടുണ്ട്.

## പി. കുഞ്ഞിരാമൻ നായർ (1905 – 1978)

- മഹാകവി പി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു.
- 'കളിയച്ഛന്' 1959-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.
- 'താമരത്തോണി'ക്കാണ് 1967-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്.
- കവിയുടെ കാൽപ്പാടുകൾ, എന്നെത്തിരയുന്നു ഞാൻ, നിത്യകന്യകയെത്തേടി, പിയുടെ ആത്മകഥകൾ, വരഭിക്ഷ, വസന്തോത്സവം, രഥോത്സവം എന്നിവ മറ്റു കൃതികൾ.

## എം.പി. അപ്പൻ (1913 – 2003)

- ജന്മസ്ഥലം - തിരുവനന്തപുരം.
- 1998 എഴുത്തച്ഛൻ പുരസ്കാരം, 1995 വള്ളത്തോൾ അവാർഡ്, 1998 ശൂരനാട് കുഞ്ഞൻപിള്ള അവാർഡ് കൂടാതെ കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ്, ഉള്ളൂർ അവാർഡ് എന്നിവയും ലഭിച്ചു.
- വെള്ളിനക്ഷത്രം, ജീവിതോത്സവം (റുബായിയത്ത് വിവർത്തനം), ഒരു സൗന്ദര്യ പ്രേമത്തിന്റെ കഥ (ആത്മകഥാംശം ഉൾക്കൊള്ളുന്ന കൃതി), ലീലാസൗധം, പ്രസാദം, പനിനീർപ്പൂവും പടവാളും എന്നീ കാവ്യങ്ങളും കായും കനിയും വിചാരസൗരഭം എന്നീ ഉപന്യാസ സമാഹാരങ്ങളും രചിച്ചിട്ടുണ്ട്. ആർണോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന കൃതി 'ദിവ്യദീപം' എന്ന പേരിൽ തർജ്ജുമ ചെയ്തിട്ടുണ്ട്.

## എൻ.വി. കൃഷ്ണവാര്യർ (1916–1989)

- ജന്മസ്ഥലം - തൃശൂർ.
- ചങ്ങമ്പുഴ ശൈലിയുടെ അനുകരണം കവിതയുടെ കൂമ്പടഞ്ഞു എന്ന വാദഗതി അവതരിപ്പിച്ചത് എൻ.വി. ആയിരുന്നു.
- ചങ്ങമ്പുഴ കവിതയെഴുതരുതെന്ന് പ്രമേയം പാസ്സാക്കിയതിൽ എൻ.വിക്കും പങ്കുണ്ട്.
- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ഡയറക്ടർ എൻ.വി. ആയിരുന്നു.
- നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സെയും, ചിത്രാംഗദ (ആട്ടക്കഥ), ഉണരുന്ന ഉത്തരേന്ത്യ, അമേരിക്കയിലൂടെ (യാത്രാവിവരണം), മനനങ്ങൾ;നിഗമനങ്ങൾ, വീക്ഷണങ്ങൾ, വിമർശനങ്ങൾ, വള്ളത്തോളിന്റെ കാവ്യശില്പം - നിരൂപണങ്ങൾ, വാസ്കോഡി ഗാമ, വീരരവിവർമ്മ ചക്രവർത്തി - നാടകങ്ങൾ എന്നിവയാണ് കൃതികൾ.

## വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902–1980)

- കേരള തുളസിദാസൻ എന്നത് അപരനാമധേയം.
- മാണിക്യവീണ (1966-കേരള സാഹിത്യ അക്കാദമി അവാർഡ്), കാമസുരഭി (1974 - കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്), കദളീവനം, കേരളശ്രീ, മാനസപുത്രി, സരോവരം, കാളിദാസന്റെ കൺമണി (അഭിജ്ഞാനശാകുന്തള വിവർത്തനം), കൈരളികോശം (നിഘണ്ടു), തുളസീദാസ രാമായണം (വിവർത്തനം) 1969 ഓടക്കുഴൽ അവാർഡ്), നീലജലത്തിലെ പത്മം (നോവൽ).

## എൻ.എൻ. കക്കാട് (1927–1987)

- സഫലമീ യാത്ര (1986-ൽ വയലാർ അവാർഡ്), 1963, പാതാളത്തിന്റെ ഇടിമുഴക്കം, ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്, നാടൻചിന്ത്.

## വയലാർ രാമവർമ്മ (1928–1975)

- ജന്മസ്ഥലം - വയലാർ, ആലപ്പുഴ
- കവിത, നാടകം, സിനിമ എന്നീ മേഖലകളിൽ ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ചു.
- 'കൂടപ്പിറപ്പ്' എന്ന ചലച്ചിത്രത്തിനാണ് ആദ്യം ഗാനം രചിച്ചത്.
- നാനൂറിൽപ്പരം ചിത്രങ്ങൾക്ക് രണ്ടായിരത്തിൽപ്പരം ഗാനങ്ങൾ.
- 'അച്ഛനും ബാപ്പയും' എന്ന സിനിമയിലെ 'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു" എന്നു തുടങ്ങുന്ന ഗാനത്തിന് 1973-ൽ ദേശീയ അവാർഡ്.
- 'ബലികുടീരങ്ങളേ..." എന്ന വിപ്ലവഗാനം കെ.പി.എ.സി.ക്ക് വേണ്ടി രചിച്ചതാണ്.
- പാദമുദ്രകൾ, കൊന്തയും പൂണൂലും, എനിക്ക് മരണമില്ല, മുളങ്കാട്, എന്റെ മാറ്റൊലി ക്കവിതകൾ, സർഗ്ഗസംഗീതം, ആയിഷ (ഖണ്ഡകാവ്യം), പുരുഷാന്തരങ്ങളിലൂടെ (ഉപ ന്യാസങ്ങൾ) എന്നിവ കവിതകൾ.
- മലയാള സാഹിത്യത്തിലെ ഏറ്റവും മികച്ച കൃതിക്ക് 1977 മുതൽ വയലാർ ട്രസ്റ്റ് വയ ലാർ അവാർഡ് ഏർപ്പെടുത്തി. ആദ്യത്തെ അവാർഡ് ലളിതാംബിക അന്തർജനത്തിന്റെ 'അഗ്നിസാക്ഷിക്ക്'.

## പി. ഭാസ്കരൻ (1924–2007)

- ജന്മസ്ഥലം - കൊടുങ്ങല്ലൂർ.
- മലയാള കവിതാരംഗത്തും സിനിമാരംഗത്തും ഒന്നുപോലെ തിളങ്ങി.
- ആദ്യം ഗാനരചന 'ചന്ദ്രിക' എന്ന ചിത്രത്തിനുവേണ്ടി.
- 1954-ൽ രാമു കാര്യാട്ടിനൊപ്പം സംവിധാനം ചെയ്ത 'നീലക്കുയിൽ' എന്ന ചിത്രത്തിന് ഇന്ത്യയിലെ രണ്ടാമത്തെ നല്ല ചിത്രത്തിനുള്ള വെള്ളിമെഡൽ ലഭിച്ചു.
- 'കായലരികത്ത് വലയെറിഞ്ഞപ്പോൾ...." കെ രാഘവൻ സംഗീതം പകർന്ന ഗാനം പി. ഭാസ്കരൻ രചിച്ചതാണ്.
- കവിതാരംഗത്തെ സമഗ്രസംഭാവനക്ക് 2000-ൽ വള്ളത്തോൾ അവാർഡ്.
- 'ഓർക്കുക വല്ലപ്പോഴും' എന്ന കൃതിക്ക് 1982-ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, 1981-ൽ ഓടക്കുഴൽ അവാർഡ്.
- വയലാർ ഗർജ്ജിക്കുന്നു, പാടുന്ന മൺതരികൾ, സത്രത്തിൽ ഒരു രാത്രി... തുടങ്ങി അനേകം കൃതികൾ.

## തിരുനല്ലൂർ കരുണാകരൻ (1924 – 2006)

- ജന്മസ്ഥലം - കൊല്ലം.
- 'തിരുനല്ലൂർ കരുണാകരന്റെ കൃതികൾ' 1988-ലെ വയലാർ അവാർഡ് ലഭിച്ചു.
- സമഗ്ര സംഭാവനയ്ക്ക് 1985-ൽ ആശാൻ പുരസ്കാരവും കേരള സാഹിത്യ അക്കാദമി അവാർഡും.
- 'ഗ്രീഷ്മസന്ധ്യകൾ' എന്ന കൃതിക്ക് മൂലൂർ അവാർഡ്.
- പ്രേമം മധുരമാണ് ധീരവുമാണ്, മഞ്ഞുതുള്ളികൾ, സൗന്ദര്യത്തിന്റെ പടയാളികൾ, റാണി, അന്തി മയങ്ങുമ്പോൾ, ഗ്രീഷ്മസന്ധ്യകൾ, മേഘസന്ദേശം (ദ്രാവിഡ വൃത്ത ത്തിൽ തർജ്ജമ), അഭിജ്ഞാന ശാകുന്തളം (ദ്രാവിഡവൃത്ത തർജ്ജമ), മലയാള ഭാഷാ പരിണാമം -സിദ്ധാന്തങ്ങളും വസ്തുതകളും (ഗദ്യകൃതി), ഒരു മഹായുദ്ധത്തിന്റെ പര്യ വസാനം (നിരൂപണം).

## ഡോ. കെ. അയ്യപ്പപ്പണിക്കർ (1930–2006)

- ജന്മസ്ഥലം - ആലപ്പുഴ
- മൃത്യുപൂജ, ഗോത്രയാനം, ചിരുത, കുടുംബപുരാണം, ഗോപികാദണ്ഡകം.
- അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (രണ്ട് ഭാഗം), തകഴി ശിവശങ്കരപ്പിള്ള (ജീവചരിത്രം).
- 1975-ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, 2004-ൽ വള്ളത്തോൾ അവാർഡ്, 2002 വയലാർ അവാർഡ് നിരസിച്ചു.

## കടമ്മനിട്ട രാമകൃഷ്ണൻ (1935 – 2008)

- ജന്മസ്ഥലം - പത്തനംതിട്ട
- 1995-ൽ ആറന്മുളയിൽ നിന്ന് ഇടതുപക്ഷ സ്വതന്ത്രനായി നിയമസഭയിൽ എത്തി.
- പുരോഗമന കലാസാഹിത്യ സംഘടനയുടെ പ്രസിഡന്റായിരുന്നു.
- കുറത്തി, കാട്ടാളൻ, കടിഞ്ഞൂർപൊട്ടൻ, മിശ്രതാളം, മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു, വെള്ളിവെളിച്ചം, സൂര്യശില (വിവർത്തനം) എന്നിവ കൃതികൾ.

## ഒ.എൻ.വി. കുറുപ്പ്

- ജന്മസ്ഥലം - കൊല്ലം ജില്ലയിൽ ചവറ.
- 1949-ൽ പ്രസിദ്ധീകരിച്ച 'പൊരുതുന്ന സൗന്ദര്യ' മാണ് ആദ്യകൃതി.
- ഞാൻ നിന്നെ സ്നേഹിക്കുന്നു, മാറ്റുവിൻ ചട്ടങ്ങളെ, ദാഹിക്കുന്ന പാനപാത്രം, മയിൽപ്പീലി, അക്ഷരം, ഒരുതുള്ളി വെളിച്ചം, കറുത്ത പക്ഷിയുടെ പാട്ട്, അഗ്നിശലഭ ങ്ങൾ, ഭൂമിക്കൊരു ചരമഗീതം, മൃഗയാ, ഉപ്പ്, ഭൈരവന്റെ തുടി, ശാർങ്കപക്ഷികൾ, ഉജ്ജയിനി, ഞാനഗ്നി, ക്ഷണികം പക്ഷേ.... എന്നിവ പ്രധാന കൃതികൾ.
- 1972 - കേരള സാഹിത്യ അക്കാദമി അവാർഡ് - അഗ്നിശലഭങ്ങൾ.
- 1975 - കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് - അക്ഷരം.
- 1982-ൽ വയലാർ അവാർഡ് 'ഉപ്പ്' എന്ന കവിതയ്ക്ക്.
- 1992 - എം.കെ.കെ. നായർ അവാർഡ്
- 1998 - പത്മശ്രീ
- 2006 - വള്ളത്തോൾ പുരസ്കാരം
- 2007 - എഴുത്തച്ഛൻ പുരസ്കാരം
- 2010 - ജ്ഞാനപീഠ പുരസ്കാരം

## സുഗതകുമാരി

- ജന്മസ്ഥലം - തിരുവനന്തപുരം
- 2003 വള്ളത്തോൾ അവാർഡ്, 2004 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 2006-ൽ പത്മശ്രീ ലഭിച്ചു.
- മുത്തുച്ചിപ്പി, പാതിരാപ്പൂക്കൾ (1967 കേരള സാഹിത്യ അക്കാദമി അവാർഡ്), പാവം മാനവ ഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ (കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്), അമ്പലമണി (ആശാൻ അവാർഡ്, 1984 വയലാർ അവാർഡ്, 1982 ഓടക്കുഴൽ അവാർഡ്), കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ, കൃഷ്ണകവിതകൾ, ദേവദാസി, വാഴത്തേൻ.

## അക്കിത്തം അച്യുതൻ നമ്പൂതിരി

- ജന്മസ്ഥലം - പാലക്കാട് ജില്ലയിലെ കുമാരനല്ലൂർ.
- ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, വെണ്ണക്കല്ലിന്റെ കഥ, ബലിദർശനം, മനഃസാക്ഷിയുടെ പൂക്കൾ, നിമിഷക്ഷേത്രം, പഞ്ചവർണ്ണക്കിളി, അരങ്ങേറ്റം, ഇടിഞ്ഞുപൊളിഞ്ഞ ലോകം, അമൃതഗാഥിക, കളിക്കൊട്ടിലിൽ, ഉപനയനം (ഗദ്യം), സമാവർത്തനം (ഗദ്യം).
- 1972-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് (ബലിദർശനം).
- 1973-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്
- 1974 ഓടക്കുഴൽ അവാർഡ് . 1997-ൽ വള്ളത്തോൾ പുരസ്കാരം
- 2002 പത്മപ്രഭാ പുരസ്കാരം, 2004 അമൃതകീർത്തി പുരസ്കാരം
- 2008 എഴുത്തച്ഛൻ പുരസ്കാരം, 2008 മാതൃഭൂമി സാഹിത്യപുരസ്കാരം.

---

**കെടാമംഗലം പപ്പുക്കുട്ടി (1909 - 1975):** കടത്തുവഞ്ചി, മന്ത്രിയുടെ മകൾ, ആശ്വാസ നിശ്വാസം.

**പുനലൂർ ബാലൻ (1928 - 1987):** കോട്ടയിലെ പാട്ട്, മൃതസഞ്ജീവനി, രാമൻ രാഘവൻ

**സച്ചിദാനന്ദൻ:** എഴുത്തച്ഛനെഴുതുമ്പോൾ, കവി ബുദ്ധൻ, വിക്ക്, ഇവനെക്കൂടി, മലയാളം, ദേശാടനം 2005-ൽ സാക്ഷ്യങ്ങൾ എന്ന കൃതിക്ക് വയലാർ അവാർഡ്.

**ചെമ്മനം ചാക്കോ:** പുത്തരി, വിളംബരം, കനകാക്ഷരങ്ങൾ, ആവനാഴി, ആളില്ലാക്കസേരകൾ, രക്തദൂഷ്യം

**പുതുശ്ശേരി രാമചന്ദ്രൻ:** പുതിയ കൊല്ലനും പുതിയ ആലയും, ആവുന്നത്ര ഉച്ചത്തിൽ, ശക്തിപൂജ, ഈ വീട്ടിൽ ആരുമില്ലേ, ആഗ്നേയസ്വാഹ. 2008-ൽ വള്ളത്തോൾ പുരസ്കാരം.

**വിഷ്ണുനാരായണൻ നമ്പൂതിരി:** പ്രണയ ഗീതങ്ങൾ, ഭൂമികന്യയെത്തേടി, ഭൂമിഗീതങ്ങൾ, ഉജ്ജയിനിയിലെ രാപ്പകലുകൾ, ആരണ്യകം.

**ആറ്റൂർ രവിവർമ്മ:** നഗരത്തിൽ ഒരു യക്ഷൻ, പിതൃഗമനം

**ബാലചന്ദ്രൻ ചുള്ളിക്കാട്:** ഗസൽ, അമാവാസി, പരീക്ഷ, മാനസാന്തരം

**ഡി. വിനയചന്ദ്രൻ:** സമയമാനസം, സമസ്തകേരളം പി.ഒ, കായിക്കരയിലെ കടൽ, ദിശാസൂചി

**വി. മധുസൂദനൻ നായർ:** ഭാരതീയം, നാറാണത്തുഭ്രാന്തൻ, ഗാന്ധർവ്വം

**റോസ് മേരി:** ചാഞ്ഞുപെയ്യുന്ന മഴ

**അയ്യപ്പൻ (1947 2010) -** സ്വന്തം ജീവിതം കൊണ്ട് വ്യവസ്ഥിതിയോട് കലഹിച്ച കവിയാണ് എ അയ്യപ്പൻ. വായനക്ക് ശേഷവും കൂർത്ത അസ്ത്രം പോലെ മനസിൽ തറഞ്ഞു നിൽക്കുന്ന കവിതകളാണ് അയ്യപ്പൻ മലയാളത്തിന് സംഭാവന ചെയ്തത്.

കറുപ്പ്, ബുദ്ധനും ആട്ടിൻകുട്ടിയും, ബലിക്കുറിപ്പുകൾ, ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ, മാളമില്ലാത്ത പാമ്പ്, പ്രവാസിയുടെ ഗീതം, മുറിവേറ്റ ശീർഷകങ്ങൾ എന്നിവ പ്രധാന കൃതികൾ.

'വെയിൽ തിന്നുന്ന പക്ഷികൾ' കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. 2010-ലെ കവിതയ്ക്കുള്ള ആശാൻ അവാർഡ് അയ്യപ്പനാണ് ലഭിച്ചത്.

# ആധുനിക ഗദ്യ സാഹിത്യം

## നോവൽ

മലയാളത്തിലെ ആദ്യ നോവൽ എന്ന സ്ഥാനം 1887 – ൽ പ്രസിദ്ധീകരിച്ച അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' യ്ക്കാണ്.

ആദ്യ സാമൂഹ്യനോവൽ 1889 – ൽ പ്രസിദ്ധീകരിച്ച ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ'യാണ്.

ചന്തുമേനോൻ എഴുതി പൂർത്തിയാക്കാതെ പോയ നോവൽ 'ശാരദ'

'ശാരദ' രണ്ടാം ഭാഗം എഴുതാൻ ആദ്യം തയ്യാറായത് സി. അന്തപ്പായി. അനന്തസുബ്രഹ്മണ്യം, കുറുപ്പം വീട്ടിൽ ഗോപാലപിള്ള, പയ്യംപള്ളിയിൽ ഗോപാലപിള്ള, പാട്ടത്തിൽ രാധാകൃഷ്ണൻ തുടങ്ങിയവരും 'ശാരദ' പൂരണത്തിന് തയ്യാറായി.

ആദ്യ ചരിത്രാഖ്യായിക സി. വി. രാമൻപിള്ളയുടെ 1891 – ൽ പ്രസിദ്ധീകരിച്ച 'മാർത്താണ്ഡവർമ്മ'

1915 – ൽ സി. വി. രചിച്ച സാമൂഹ്യ നോവൽ 'പ്രേമാമൃതം'

മാർത്താണ്ഡവർമ്മയുടെ രചനയോടെ സി. വിക്ക് 'കേരള സ്കോട്ട്' എന്ന അപരനാമധേയം ലഭിച്ചു.

മാർത്താണ്ഡവർമ്മയുടെ തുടർച്ചയായി 1913 – ൽ 'ധർമ്മരാജ' യും 1918 – ൽ 'രാമരാജ ബഹദൂറും' പ്രസിദ്ധീകരിച്ചു.

- ആദ്യത്തെ അപസർപ്പക നോവലാണ് അപ്പൻ തമ്പുരാൻ എഴുതിയ 'ഭാസ്കര മേനോൻ'
- ആദ്യ റിയലിസ്റ്റിക് നോവൽ സർദാർ കെ.എം. പണിക്കരുടെ 'ധൂമകേതുവിന്റെ ഉദയം'
- ആദ്യ ആക്ഷേപ ഹാസ്യ നോവൽ കിഴക്കേപ്പാട്ട് രാമൻ മേനോൻ എഴുതിയ 'പറങ്ങോടി പരിണയം'
- മലയാളത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ നോവലാണ് തകഴി ശിവശങ്കരപ്പിള്ളയുടെ 'ചെമ്മീൻ'
- ആദ്യത്തെ രാഷ്ട്രീയ നോവലാണ് കെ. നാരായണ കുരുക്കളുടെ 'പാറപ്പുറം'
- മലയാളത്തിലെ ഏറ്റവും വലിപ്പമുള്ള നോവലാണ് വിലാസിനിയുടെ 'അവകാശികൾ'
- ആദ്യത്തെ ബോധധാരാ നോവലെന്ന് അറിയപ്പെടുന്നത് പോഞ്ഞിക്കര റാഫിയുടെ 'സ്വർഗദൂതൻ'.

**അപ്പൻ തമ്പുരാൻ**

ഭൂതരായർ (ചരിത്ര നോവൽ)
ഭാസ്കരമേനോൻ

**സർദാർ കെ.എം. പണിക്കർ**

കേരള സിംഹം (പഴശ്ശിരാജാവിന്റെ കഥ)
ധൂമകേതുവിന്റെ ഉദയം

**പള്ളത്തുരാമൻ**

അമൃതപുളിനം

**കിഴക്കേപ്പാട്ടു രാമൻ മേനോൻ**

പറങ്ങോടി പരിണയം

**ഭവത്രാതൻ നമ്പൂതിരിപ്പാട്**

അപ്ഫന്റെ മകൾ

## നവോത്ഥാന ഘട്ടത്തിലെ നോവലിസ്റ്റുകളും കൃതികളും

**കേശവദേവ്**

ഓടയിൽ നിന്ന്, കണ്ണാടി, ഭ്രാന്താലയം, ഒരു സുന്ദരിയുടെ കഥ, കുഞ്ചുക്കുറുപ്പിന്റെ ആത്മകഥ, അയൽക്കാർ (ഏറ്റവും ബൃഹത്തായ നോവൽ).

**തകഴി ശിവശങ്കരപ്പിള്ള**

ചെമ്മീൻ, രണ്ടിടങ്ങഴി, അനുഭവങ്ങൾ പാളിച്ചകൾ, അഞ്ചുപെണ്ണുങ്ങൾ, ഏണിപ്പടികൾ, നുരയും പതയും (ഫ്ളാഷ് ബാക്ക് സങ്കേതം), ചുക്ക്, ജീവിതം സുന്ദരമാണ് പക്ഷേ, കയർ (തകഴിയുടെ ഏറ്റവും വലിയ നോവൽ).

**വൈക്കം മുഹമ്മദ് ബഷീർ**

ബാല്യകാല സഖി, പ്രേമലേഖനം, ശബ്ദങ്ങൾ, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു, ജീവിതത്തിന്റെ നിഴൽപ്പാടുകൾ, പാത്തുമ്മയുടെ ആട്, മാന്ത്രികപ്പൂച്ച, മതിലുകൾ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും.

**കെ. നാരായണകുരുക്കൾ**

പാറപ്പുറം

**കാരാട്ട് അച്യുതമേനോൻ**

വിരുതൻശങ്കു (ആദ്യ പിക്കാരസ്ക് നോവൽ)

**എസ്.കെ. പൊറ്റെക്കാട്**

ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ (ജ്ഞാനപീഠം പുരസ്കാരം), വിഷകന്യക

**ജോസഫ് മുണ്ടശ്ശേരി**

കൊന്തയിൽ നിന്ന് കുരിശിലേക്ക്, പാറപ്പുറത്ത് വിതച്ച വിത്ത്, പ്രൊഫസ്സർ.

**എം.ടി. വാസുദേവൻ നായർ**

നാലുകെട്ട്, അസുരവിത്ത്, കാലം, മഞ്ഞ്, രണ്ടാമൂഴം, വിലാപയാത്ര, വാരാണസി.

**ഉറൂബ് (പി.സി. കുട്ടികൃഷ്ണൻ)**

ആമിന, കുഞ്ഞമ്മയും കൂട്ടുകാരും, ഉമ്മാച്ചു, മിണ്ടാപ്പെണ്ണ്, സുന്ദരികളും സുന്ദരന്മാരും, അണിയറ

**വത്സല**

നെല്ല്, ആഗ്നേയം, ഗൗതമൻ, ചാവേർ, നിഴലുറങ്ങുന്ന വഴികൾ, അരക്കില്ലം

**ജി. വിവേകാനന്ദൻ**

കള്ളിച്ചെല്ലമ്മ, യക്ഷിപ്പറമ്പ്, കള്ള്, വാർഡ് നമ്പർ 7

**കോവിലൻ**

എ മൈനസ് ബി, ഏഴാമെടങ്ങൾ, താഴ്‌വാരങ്ങൾ, തോറ്റങ്ങൾ, തട്ടകം, ഹിമാലയം.

**പാറപ്പുറത്ത്**

ആദ്യകിരണങ്ങൾ, മകനേ നിനക്കുവേണ്ടി, പണി തീരാത്ത വീട്, അരനാഴികനേരം, നിണമണിഞ്ഞ കാല്പാടുകൾ.

**കെ. സുരേന്ദ്രൻ**

താളം, കാട്ടുകുരങ്ങ്, ജ്വാല, ശക്തി, മരണം ദുർബലം, ഗുരു, ക്ഷണപ്രഭാചഞ്ചലം.

**മലയാറ്റൂർ രാമകൃഷ്ണൻ**

വേരുകൾ, യക്ഷി, യന്ത്രം, നെട്ടൂർ മഠം, അമൃതം തേടി

**വിലാസിനി**

നിറമുള്ള നിഴലുകൾ, ഊഞ്ഞാൽ, അവകാശികൾ (1985-ൽ വയലാർ അവാർഡ്).

**എൻ.പി. മുഹമ്മദ്**

അറബിപ്പൊന്ന് (എം.ടിയുമായി ചേർന്നെഴുതിയത്), എണ്ണപ്പാടം, മരം, ഹിരണ്യകശിപു.

**ഉണ്ണികൃഷ്ണൻ പുതൂർ**

ബലിക്കല്ല്, ആനപ്പക, അമൃതകഥനം

**പി.കെ. ബാലകൃഷ്ണൻ**

ഇനി ഞാൻ ഉറങ്ങട്ടെ

**ലളിതാംബിക അന്തർജ്ജനം**

അഗ്നിസാക്ഷി

**കാക്കനാടൻ**

പറങ്കിമല, ഏഴാംമുദ്ര, ഉഷ്ണമേഖല, സാക്ഷി, ഇന്നലെയുടെ നിഴൽ, ഒറോത, കോഴി

**എം. മുകുന്ദൻ**

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൽഹി, ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു, കേശവന്റെ വിലാപങ്ങൾ, കിളി വന്നു വിളിച്ചപ്പോൾ, ആവിലാവിലെ സൂര്യോദയം, കണ്ണാടിയുടെ കാഴ്ച, റഷ്യ

**ആനന്ദ്**

ആൾക്കൂട്ടം, അഭയാർഥികൾ, മരുഭൂമികൾ ഉണ്ടാകുന്നത്

**പെരുമ്പടവം ശ്രീധരൻ**

ഗ്രീഷ്മജ്വാലകൾ, അഭയം, ഒരു സങ്കീർത്തനം പോലെ

**സേതു**

പാണ്ഡവപുരം, അടയാളങ്ങൾ, അറിയാത്ത വഴികൾ, കിരാതം, താളിയോല, വനവാസം, നിയോഗം, ആറാമത്തെ പെൺകുട്ടി

**സി. രാധാകൃഷ്ണൻ**

നിഴൽപ്പാടുകൾ, മുമ്പേ പറക്കുന്ന പക്ഷികൾ, പൂജ്യം, പുഴ മുതൽ പുഴ വരെ, സ്പന്ദമാപിനികളെ നന്ദി

**ജോർജ് ഓണക്കൂർ**

ഇല്ലം, ഉൾക്കടൽ, കൽത്താമര, എഴുതാപ്പുറങ്ങൾ, കാമന, അകലെ ആകാശം

**യു.എ. ഖാദർ**

ഒരു പടകാളിപ്പെണ്ണിന്റെ ചരിതം, തൃക്കോട്ടൂർപ്പെരുമ, അഘോരശിവം

**കെ.എൽ മോഹനവർമ്മ**

ഓഹരി, അമാവസി

**സക്കറിയ**

പ്രെയ്സ് ദി ലോർഡ്, ഭാസ്കര പട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വിശേഷം പിലാത്തോസെ.

**എൻ. മോഹനൻ**

ഇന്നലത്തെ മഴ

**നന്തനാർ**

ആത്മാവിന്റെ നോവുകൾ, ഉണ്ണിക്കുട്ടന്റെ ലോകം

**പോഞ്ഞിക്കര റാഫി**

സ്വർഗദൂതൻ, ആനിയുടെ ചേച്ചി

**മുട്ടത്തു വർക്കി**

ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി, ഒരു കുടയും കുഞ്ഞുപെങ്ങളും.

**മാടമ്പ് കുഞ്ഞുക്കുട്ടൻ**

അശ്വത്ഥാമാവ്, ഭ്രഷ്ട്, അവിഘ്നമസ്തു, എന്തരോ മഹാനുഭാവലു, ബൃഹദാരണ്യകം.

**സി.വി. ബാലകൃഷ്ണൻ**

ആയുസ്സിന്റെ പുസ്തകം

**കാരൂർ**
ഗൗരി
**കെ.പി. രാമനുണ്ണി**
സൂഫി പറഞ്ഞ കഥ
**എം.പി. നാരായണപിള്ള**
പരിണാമം
**ടി.വി. കൊച്ചുബാവ**
പെരുങ്കളിയാട്ടം, വൃദ്ധസദനം
**കെ.ജെ. ബേബി**
മാവേലിമൻറം, ബസ്പുക്കാർന
**അക്ബർ കക്കട്ടിൽ**
മൃത്യുയോഗം
**പി. പത്മരാജൻ**
നക്ഷത്രങ്ങളേ കാവൽ
**കെ. രാധാകൃഷ്ണൻ**
നഹുഷ പുരാണം
**ഇ. വാസു**
ചുവപ്പുനാട
**ഖാലിദ്**
ഒരേ ദേശക്കാരായ നമ്മൾ
**ബാബു ഭരദ്വാജ് –** കലാപങ്ങൾക്കൊരു ഗൃഹപാഠം

# ചെറുകഥ

## പ്രസിദ്ധമായ ചെറുകഥകളും എഴുത്തുകാരും

**വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (കേസരി) എഴുതിയ 'വാസനാവികൃതി' യാണ് ആദ്യത്തെ ചെറുകഥ. 1891 – ൽ 'വിദ്യാവിനോദിനി' മാസികയിൽ ആദ്യം പ്രസിദ്ധീകരിച്ചു.**

**അമ്പാടി നാരായണപ്പുതുവാൾ**
കയ്മളശ്ശന്റെ കല്യാണം

**സി.എസ്. ഗോപാലപ്പണിക്കർ**
ഇങ്ങനെ വരുമെന്ന് പ്രതീക്ഷിച്ചില്ല

**ഇ.വി. കൃഷ്ണപിള്ള**
കേളീസൗധം (നാലുഭാഗങ്ങൾ)

**കാരൂർ**
മേൽവിലാസം, മീൻകാരി, ഒരുപിടിമണ്ണ്, മരപ്പാവകൾ, കാൽച്ചക്രം പൊതിച്ചോറ്

**ലളിതാംബിക അന്തർജ്ജനം**
മാണിക്കൻ, മൂടുപടം

**വൈക്കം മുഹമ്മദ് ബഷീർ**
ജന്മദിനം, നീലവെളിച്ചം (ഭാർഗ്ഗവീനിലയം), ചിരിക്കുന്ന മരപ്പാവ, ശിങ്കിടി മുങ്ങൻ, പൂവമ്പഴം, ആനപ്പൂട, വിശ്വവിഖ്യാതമായ മൂക്ക്

**ഉറൂബ്**
രാച്ചിയമ്മ, ഗോപാലൻനായരുടെ താടി, മൂടൽമഞ്ഞ്

**കേശവദേവ്**
യമുന ഏകാഗ്രമായി ഒഴുകുന്നു, ഗുസ്തി, കൊതിച്ചി, കുഞ്ചുക്കുറുപ്പിന്റെ ആത്മകഥ.

**തകഴി**
വെള്ളപ്പൊക്കത്തിൽ, തഹസിൽദാരുടെ അച്ഛൻ, പതിവ്രത, പേരില്ലാക്കഥ

**പൊൻകുന്നം വർക്കി**
ശബ്ദിക്കുന്ന കലപ്പ

**എം.ടി. വാസുദേവൻനായർ**
ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, വാനപ്രസ്ഥം, ഷെർലക്, നിന്റെ ഓർമ്മയ്ക്ക്

**ടി. പത്മനാഭൻ**
പ്രകാശം പരത്തുന്ന പെൺകുട്ടി, നളിനകാന്തി, പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്, ഗുൽമുഹമ്മദ്

**സി.വി. ശ്രീരാമൻ**
വാസ്തുഹാര, ക്ഷുരസ്യധാര

**മാധവിക്കുട്ടി (കമല സുരയ്യ)**
നരിച്ചീറുകൾ പറക്കുമ്പോൾ, ശർക്കര കൊണ്ടൊരു തുലാഭാരം, നഷ്ടപ്പെട്ട നീലാംബരി

**നന്തനാർ**
മിസ്റ്റർ കുൽക്കർണി

**ഒ.വി. വിജയൻ**
എട്ടുകാലി, കാറ്റു പറഞ്ഞ കഥ, കടൽത്തീരത്ത്, ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി

**പി. വത്സല**
കാവൽ, ആരണ്യകാണ്ഡം, അരുന്ധതി കരയുന്നില്ല,

**സക്കറിയ**
കണ്ണാടി കാണ്മോളവും

**എം. സുകുമാരൻ**
പിതൃതർപ്പണം, തിത്തുണ്ണി, ചരിത്രഗാഥ

**വി.കെ.എൻ**
ചാത്തൻസ്, മാനാഞ്ചിറ ടെസ്റ്റ്, പയ്യന്റെ കാലം

**എൻ.എസ്. മാധവൻ**
ഹിഗ്വിറ്റ, ചൂളൈമേട്ടിലെ ശവങ്ങൾ

**എസ്.വി. വേണുഗോപൻനായർ**
എരുമ, സ്ത്രീപർവ്വം, നഖം, കഥകളതിസാദരം, രേഖയില്ലാത്ത ഒരാൾ

**കെ സരസ്വതിയമ്മ**
പെൺബുദ്ധി

**എൻ. മോഹനൻ**
പൂജയ്ക്കെടുക്കാത്ത പൂക്കൾ

**കാക്കനാടൻ**
ശ്രീചക്രം

**പത്മരാജൻ**
അപരൻ

**കെ.പി. രാമനുണ്ണി**
വേണ്ടപ്പെട്ടവന്റെ കുരിശ്, ജാതി ചോദിക്കുക

**വൈശാഖൻ**
അതിരുകളില്ലാതെ

**സി രാധാകൃഷ്ണൻ**
കുടിയൊഴിക്കൽ

**സാറാ ജോസഫ്**
പാപത്തറ, കാടിന്റെ സംഗീതം

**എം.പി. നാരായണപിള്ള**
മുരുകൻ എന്ന പാമ്പാട്ടി

# ശ്രദ്ധേയമായ ജീവചരിത്രകൃതികൾ

രണ്ട് സാഹിത്യനായകന്മാർ (കേരളവർമ്മയും എ.ആറും) .......... എ.ഡി. ഹരിശർമ്മ
കുമാരനാശാൻ .......... കെ. സുരേന്ദ്രൻ
ജീവിച്ചിടുന്നു മൃതിയിൽ (കുറ്റിപ്പുഴയെക്കുറിച്ച്) .......... ഡോ. പി.വി. വേലായുധൻപിള്ള
ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം,
മൃത്യുഞ്ജയം കാവ്യജീവിതം (ആശാനെക്കുറിച്ച്) .......... എം.കെ. സാനു
യേശുദേവൻ .......... കെ.പി. കേശവമേനോൻ
ദേവ്, കേശവദേവ് .......... ജി.എൻ. പണിക്കർ
ഇവനെന്റെ പ്രിയ സി.ജെ .......... റോസി തോമസ്
സി.വി. രാമൻപിള്ള .......... പി.കെ. പരമേശ്വരൻനായർ
ചരിത്രത്തെ അഗാധമാക്കിയ ഗുരു .......... കെ.പി. അപ്പൻ
ജീവിതശില്പികൾ .......... സി.പി. ശ്രീധരൻ
കാറൽ മാർക്സ് .......... സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

# ആത്മകഥകൾ, സ്മരണകൾ, അനുഭവക്കുറിപ്പുകൾ

**ആത്മകഥ എന്ന പേരിൽ ആത്മകഥ രചിച്ചത് – വൈക്കത്ത് പാച്ചുമൂത്തത്**
**ആദ്യത്തെ ആത്മകഥ സ്വദേശാഭിമാനി രചിച്ച 'എന്റെ നാടുകടത്തൽ'**

എന്റെ വക്കീൽ ജീവിതം .......... തകഴി
എന്റെ നാടക സ്മരണകൾ .......... പി.ജെ. ആന്റണി
സ്മരണമണ്ഡലം .......... പി.കെ. നാരായണപിള്ള
കഴിഞ്ഞ കാലം .......... കെ.പി. കേശവമേനോൻ
ജീവിതസമരം .......... സി. കേശവൻ
എന്റെ ജീവിതസ്മരണകൾ .......... മന്നത്തു പത്മനാഭൻ
എതിർപ്പ് .......... പി. കേശവദേവ്
കൊഴിഞ്ഞ ഇലകൾ .......... ജോസഫ് മുണ്ടശ്ശേരി
കണ്ണീരും കിനാവും .......... വി.ടി. ഭട്ടതിരിപ്പാട്
എന്റെ കഥ .......... മാധവിക്കുട്ടി
ആത്മരേഖ .......... വെണ്ണിക്കുളം
ജീവിതപ്പാത .......... ചെറുകാട്
കവിയുടെ കാല്പാടുകൾ .......... പി. കുഞ്ഞിരാമൻ നായർ
ഓർമ്മയുടെ ഓളങ്ങളിൽ .......... ജി. ശങ്കരക്കുറുപ്പ്
എന്റെ സഞ്ചാരപഥങ്ങൾ .......... കളത്തിൽ വേലായുധൻ നായർ
തിരിഞ്ഞുനോക്കുമ്പോൾ .......... കെ.എ. ദാമോദര മേനോൻ
ഞാൻ .......... എൻ.എൻ. പിള്ള
ആരോടും പരിഭവമില്ലാതെ .......... എം.കെ.കെ. നായർ
അരങ്ങു കാണാത്ത നടൻ .......... തിക്കോടിയൻ
ഒരു സർജന്റെ ഓർമ്മക്കുറിപ്പുകൾ .......... പി.കെ.ആർ വാര്യർ
സ്മൃതിദർപ്പണം .......... എം.പി. മന്മഥൻ
ഒളിവിലെ ഓർമ്മകൾ, ഒളിവിലെ ഓർമ്മകൾക്കുശേഷം .......... തോപ്പിൽ ഭാസി

അടുക്കളയിൽനിന്ന് പാർലമെന്റിലേക്ക് ............ ഭാരതി ഉദയഭാനു
തുടിക്കുന്ന താളുകൾ ............ ചങ്ങമ്പുഴ
ഓർമ്മയുടെ അറകൾ ............ മുഹമ്മദ് ബഷീർ
എന്റെ കഥയില്ലായ്മകൾ ............ എ.പി. ഉദയഭാനു
ജീവിതച്ഛായകൾ ............ ഒ. മാധവൻ
എന്നിലൂടെ ............ കുഞ്ഞുണ്ണി
എന്റെ ജീവിതം അരങ്ങിലും അണിയറയിലും ............ കലാമണ്ഡലം കൃഷ്ണൻനായർ
ഏഴായിരം രാവുകൾ ............ തോപ്പിൽ കൃഷ്ണപിള്ള
ഓർമ്മയുടെ ആൽബം ............ മലയാറ്റൂർ രാമകൃഷ്ണൻ
ചിദംബര സ്മരണ ............ ബാലചന്ദ്രൻ ചുള്ളിക്കാട്
വ്യാഴവട്ട സ്മരണകൾ ............ ബി. കല്യാണിയമ്മ
എന്റെ ഇന്നലെകൾ ............ വെള്ളാപ്പള്ളി നടേശൻ
മനസാ സ്മരാമി ............ എസ്. ഗുപ്തൻനായർ

## ചില യാത്രാവിവരണ കൃതികൾ

**"വർത്തമാനപ്പുസ്തകം അഥവാ റോമാ യാത്ര"യാണ് ആദ്യത്തെ യാത്രാവിവരണ കൃതി. പാറേമാക്കൽ തോമാ കത്തനാരാണ് ഗ്രന്ഥകർത്താവ്.**

ബിലാത്തി വിശേഷം ............ കെ.പി. കേശവമേനോൻ
ഹിമഗിരി വിഹാരം ............ തപോവന സ്വാമികൾ
ഗുണ്ടർട്ടിന്റെ നാട്ടിൽ ............ കെ. ബാലകൃഷ്ണൻ
പയണം ............ ടി.എൻ. ഗോപകുമാർ
ആമസോണും കുറെ വ്യാകുലതകളും ............ എം.പി.വീരേന്ദ്രകുമാർ
ഉണരുന്ന ഉത്തരേന്ത്യ ............ എൻ.വി. കൃഷ്ണവാര്യർ
പുരുഷാന്തരങ്ങളിലൂടെ ............ വയലാർ രാമവർമ്മ
പുതുമയുടെ ലോകം ............ ഡോ. കെ. ഭാസ്കരൻ നായർ
ആൾക്കൂട്ടത്തിൽ തനിയെ ............ എം.ടി. വാസുദേവൻ നായർ
വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ ............ പുനത്തിൽ കുഞ്ഞബ്ദുള്ള
ഹെർബേറിയം ............ ആഷാ മേനോൻ
ഇൻഡോനേഷ്യൻ ഡയറി, നൈൽ ഡയറി, പാതിരാ സൂര്യന്റെ നാട്ടിൽ,
ബാലിദ്വീപ്, സിംഹഭൂമി, ലണ്ടൻ നോട്ട് ബുക്ക് ............ എസ്.കെ. പൊറ്റെക്കാട്
കുടജാദ്രിയുടെ സംഗീതം ............ കാക്കനാടൻ
ഞാൻ ഒരു പുതിയ ലോകം കണ്ടു ............ എ.കെ. ഗോപാലൻ
ചൈന മുന്നോട്ട് ............ മുണ്ടശ്ശേരി
ബർലിൻ ഡയറി ............ ഇഎംഎസ്
യാത്ര ............ നിത്യചൈതന്യ യതി
അമേരിക്ക ബഹൂത് അഛാ ഹേ ............ വേളൂർ കൃഷ്ണൻകുട്ടി
അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ് ............ റോസി തോമസ്
ലണ്ടൻ ഡയറി ............ കെ.ആർ ഗൗരിയമ്മ
നർമ്മദയുടെ നാട്ടിൽ ............ നെട്ടൂർ പി. ദാമോദരൻ
ലോകത്തിന്റെ മുകൾത്തട്ടിലൂടെ ............ കെ.വി. സുരേന്ദ്രനാഥ്

## സാംസ്കാരിക സ്ഥാപനങ്ങൾ

- **കേരള കലാമണ്ഡലം**
  തൃശൂർ ചെറുതുരുത്തിയിൽ വള്ളത്തോൾ നഗറാണ് ആസ്ഥാനം. കേരളത്തിലെ ആദ്യത്തെ കൽപ്പിത സർവകലാശാലയായ കലാമണ്ഡലത്തിന്റെ പ്രഥമ വൈസ് ചാൻസലർ ഡോ. കെ. ജി. പൗലോസാണ്.
  കലാമണ്ഡലം പ്രസിദ്ധീകരിക്കുന്ന മാസിക **കേരള കലാമണ്ഡലം ത്രൈമാസിക**
  ചെയർമാൻ: ഒ.എൻ.വി. കുറുപ്പ്.
- **കേരള സാഹിത്യ അക്കാദമി**
  ആസ്ഥാനം - തൃശൂർ.
  ആദ്യപ്രസിഡന്റ്
  **സർദാർ കെ.എം.പണിക്കർ**
  പ്രസിദ്ധീകരണങ്ങൾ
  **സാഹിത്യ ചക്രവാളം, സാഹിത്യലോകം, മലയാള ലിറ്ററി സർവ്വേ**
  പ്രസിഡന്റ് എം. മുകുന്ദൻ.
- **കേരള സംഗീത നാടക അക്കാദമി**
  തൃശൂർ ചെമ്പുക്കാവ് ആസ്ഥാനം.
  ചെയർമാൻ - മുകേഷ്
  ദ്വൈമാസിക **കേളി.**
- **കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**
  തിരുവനന്തപുരമാണ് ആസ്ഥാനം.
  ചെയർമാൻ കെ.ആർ.മോഹനൻ
- **കേരള ഫോക്‌ലോർ അക്കാദമി**
  കണ്ണൂരിൽ ചിറയ്ക്കൽ കോവിലകം ആസ്ഥാനം.
  മുഖപത്രം 'പൊലി'.
- **സ്കൂൾ ഓഫ് ഡ്രാമ**
  തൃശൂർ അരണാട്ടുകര
  സ്ഥാപക ഡയറക്ടർ ജി. ശങ്കരപ്പിള്ള
- **കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ**
  തിരുവനന്തപുരം ആസ്ഥാനം
  പ്രസിദ്ധീകരണം **'ഗ്രന്ഥാലോകം'**
  പ്രസിഡന്റ് പിരപ്പൻകോട് മുരളി.
- **കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷൻ**
  സർക്കാർ ഉടമസ്ഥതയിൽ ഇന്ത്യയിലെ പ്രഥമ സംരംഭം. ചെയർമാൻ- കെ.ജി. ജോർജ്.
  ആദ്യ ചെയർമാൻ
  പി.ആർ.എസ്. പിള്ള
  ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റുഡിയോ കോംപ്ലക്സ് തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ. തിരുവനന്തപുരത്ത് കൈരളി, ശ്രീ, കലാഭവൻ തിയേറ്ററുകൾ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ളത്.
  പ്രസിദ്ധീകരണം **'സിനി-ടെക്'**.
- **സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്**
  'സംസ്കാര കേരളം' ത്രൈമാസിക
- **കേരള പ്രസ് അക്കാദമി**
  എറണാകുളം കാക്കനാട്
  കേരള സർക്കാർ, കേരള യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റ്, ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി എന്നിവയുടെ സംയുക്ത സംരംഭം.
  'മീഡിയ ഡൈജസ്റ്റ്' പ്രസിദ്ധീകരണം.
  ആദ്യത്തെ ചെയർമാൻ
  കെ.എ.ദാമോദരമേനോൻ
  നിലവിലെ ചെയർമാൻ
  തോമസ് ജേക്കബ്.
- **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
  തിരുവനന്തപുരത്ത് നളന്ദ ആസ്ഥാനം
  ആദ്യത്തെ ഡയറക്ടർ
  എൻ.വി. കൃഷ്ണവാര്യർ.
  ഡയറക്ടർ - പി.കെ. പോക്കർ
- **മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി**
  കേരള സർവ്വകലാശാലയുടെ കീഴിൽ കാര്യവട്ടത്തു പ്രവർത്തിക്കുന്നു. ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി (ഹസ്തലിഖിത ഗ്രന്ഥശാല) എന്ന പേരിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.
- **മലയാളം മഹാനിഘണ്ടു വകുപ്പ് (Malayalam Lexicon)**
  കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ പാളയം ഓഫീസ് കാമ്പസിൽ.
  ശൂരനാട് കുഞ്ഞൻപിള്ളയാണ് സ്ഥാപക എഡിറ്റർ.

- **കേരള ലളിതകലാഅക്കാദമി**
  തൃശൂർ ചെമ്പുക്കാവ്
  പ്രസിദ്ധീകരണം **'ചിത്രവാർത്ത'**
  ആദ്യത്തെ അദ്ധ്യക്ഷൻ
  **എം. രാമവർമ്മ രാജ**
  ചെയർമാൻ
  **സി.എൻ. കരുണാകരൻ.**
- **കേരള സംസ്ഥാന സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്**
  തിരുവനന്തപുരത്ത് ജഗതി
  ഡയറക്ടർ പാപ്പുക്കുട്ടി.
- **സെൻട്രൽ ആർക്കൈവ്സ്**
  1887–ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച ഹുസൂർ സെൻട്രൽ വെർണാകുലർ റിക്കാർഡ്സ് എന്ന പുരാരേഖ സൂക്ഷിപ്പ് ഗൃഹമാണ് പിന്നീട് സെൻട്രൽ ആർക്കൈവ്സായത്.
- **കേരള സ്റ്റേറ്റ് ആർക്കൈവ്സ്**
  1962–ൽ പ്രത്യേക വകുപ്പായി തിരുവനന്തപുരത്ത് നിലവിൽ വന്നു. കോട്ടയ്ക്കകത്തെ സെൻട്രൽ റെക്കാർഡ് ഓഫീസും സെക്രട്ടറിയേറ്റിനോടു ചേർന്നുള്ള ഇംഗ്ലീഷ് റെക്കോർഡ് ഓഫീസും രേഖാലയങ്ങളാണ്.
- **കേരള പുരാവസ്തു ഗവേഷണ വകുപ്പ്**
  തിരുവിതാംകൂർ (1891), കൊച്ചി പുരാവസ്തുവകുപ്പുകൾ (1925) സംയോജിപ്പിച്ച് കേരള പുരാവസ്തു ഗവേഷണ വകുപ്പ് രൂപീകൃതമായി.
- **ചിൽഡ്രൻസ് ബുക് ട്രസ്റ്റ്**
  ദൽഹി ആസ്ഥാനം.
  കാർട്ടൂണിസ്റ്റ് ശങ്കർ സ്ഥാപകൻ
  'ചിൽഡ്രൻസ് വേൾഡ്' മാസിക
- **പബ്ളിക് ലൈബ്രറി**
  1929–ൽ സ്ഥാപിതം.
  തിരുവനന്തപുരം ആസ്ഥാനം
  1959–ൽ കേരളത്തിന്റെ സംസ്ഥാന കേന്ദ്രലൈബ്രറിയായി ഉയർത്തി.
  'വാർത്താപത്രിക' മാസിക
- **കേരള ഗ്രന്ഥശാലാസംഘം**
  കേരളത്തിൽ സാക്ഷരതാ പ്രവർത്തനത്തിന് തുടക്കം കുറിച്ചത് ഗ്രന്ഥശാലാ സംഘമാണ്.
- **കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
  എബ്രഹാം ജോസഫ് പ്രഥമ ഡയറക്ടർ 'കുട്ടികളുടെ കൊട്ടാരം' എന്ന ഒരു സ്ഥാപനവുമുണ്ട്.
  ബാലവിജ്ഞാനകോശത്തിന്റെ അഞ്ചു വാല്യങ്ങൾ പ്രകാശനം ചെയ്തു.
- **കേരള ചരിത്ര മ്യൂസിയം**
  ഇടപ്പള്ളി ആസ്ഥാനം
  രണ്ടായിരം കൊല്ലത്തെ കേരള ചരിത്രത്തിന്റെ വികാസപരിണാമങ്ങൾ ഈ മ്യൂസിയത്തിൽ കാണാം.
- **സമസ്ത കേരള സാഹിത്യ പരിഷത്ത്**
  1927–ൽ ഇടപ്പള്ളിയിൽ നടന്ന സാഹിത്യസമാജം വാർഷികമാണ് പരിഷത്തായി രൂപപ്പെട്ടത്. ഇടപ്പള്ളിരാജാവായിരുന്നു രക്ഷാധികാരി. ആദ്യത്തെ പ്രസിഡന്റ് മേലങ്ങത്ത് അച്യുതൻ മേനോൻ.
- **വാസ്തുവിദ്യാഗുരുകുലം**
  സംസ്ഥാന സാംസ്കാരികവകുപ്പിന്റെ കീഴിൽ (1993) പ്രവർത്തിക്കുന്ന സ്ഥാപനം. ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിനടുത്താണ് ആസ്ഥാനം.
- **മലയാള കലാഗ്രാമം**
  മയ്യഴിപുഴയുടെ തീരത്താണ് ആസ്ഥാനം.
  മലയാള കലാഗ്രാമം ആർട്ഗ്യാലറി ഉത്തരകേരളത്തിലെ വിപുലമായ കലാശാലയാണ്.
- **കുഞ്ചൻ നമ്പ്യാർ സ്മാരകം**
  കിള്ളിക്കുറിശ്ശിമംഗലത്ത് (പാലക്കാട് ജില്ല) കുഞ്ചൻ നമ്പ്യാർ ജനിച്ച കലക്കത്തുഭവനമാണ് കുഞ്ചൻ നമ്പ്യാർ സ്മാരകമായി മാറിയത്.
  മെയ് 5 കുഞ്ചൻ ദിനം
- **അപ്പൻ തമ്പുരാൻ സ്മാരകം**
  തൃശൂരിലെ അയ്യന്തോൾ ആസ്ഥാനം.
- **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മ്യൂറൽ പെയിന്റിംഗ്**
  ഗുരുവായൂരിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ
  മമ്മിയൂർ കൃഷ്ണൻകുട്ടിനായർ ആദ്യ പ്രിൻസിപ്പൽ.